സുപ്രഭാതം

04 January 2022

# സി.എം.എഫ്.ആർ.ഐ വിന്റർ സ്കൂളിന് തുടക്കം

**കൊച്ചി**

സമുദ്രമത്സ്യസമ്പത്തിന്റെ സംരക്ഷണവും സുസ്ഥിര പരിപാലനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ പഠനങ്ങൾ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സംഘടിപ്പിക്കുന്ന വിന്റർ സ്കൂളിന് തുടക്കമായി. 21 ദിവസം നീണ്ടുനിൽക്കുന്ന വിന്റർ സ്കൂളിൽ ജമ്മു കശ്മീർ, പഞ്ചാബ്, ത്രിപുര, ഉത്തർപ്രദേശ്, ഛത്തീസ്ഗഢ്, കർണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നായി 21 ഗവേഷകരാണ് പങ്കെടുക്കുന്നത്.

സമുദ്ര മത്സ്യ ഗവേഷണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള വിദഗ്ധരാണ് ഗവേഷകരെ പരിശീലിപ്പിക്കുന്നത്. യു.എൻ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ (എഫ്.എ.ഒ) കീഴിൽ പ്രവർത്തിക്കുന്ന ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷൻ ഡയരക്ടർ ഡോ. പി. കൃഷ്ണൻ വിന്റർ സ്കൂൾ ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐ ഡയരക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായി. വിന്റർ സ്കൂൾ കോഴ്സ് ഡയരക്ടർ ഡോ. രേഖ ജെ. നായർ, ഡോ. വി. മഹേഷ്, ഡോ. ആർ. രതീഷ് കുമാർ സംസാരിച്ചു.